# പതിനഞ്ചാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 19 05.12.2022-ലെ മറുപടിക്ക്

## <u>വിദേശ സാങ്കേതികവിദ്യയും നിക്ഷേപവും ആകർഷിക്കുന്നതിന് നടപടി</u>

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. കെ.വി.സുമേഷ്<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>ശ്രീ. പി.വി.അൻവർ<br>ശ്രീ. പി. നന്ദകുമാർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ വികസനത്തിലും പുരോഗതിയിലും പ്രവാസി മലയാളികളുടെ പങ്കിന്റെ പ്രാധാന്യം കണക്കിലെടുത്ത് വിവിധ മേഖലകളിൽ പ്രവാസി മലയാളികളിൽ നിന്ന് നിക്ഷേപം ആകർഷിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) പ്രവാസി മലയാളികളിൽ നിന്നും തിരികെയെത്തിയ പ്രവാസികളിൽ നിന്നും സംസ്ഥാനത്തേക്ക് നിക്ഷേപങ്ങൾ ആകർഷിക്കുക എന്ന ഉദ്ദേശ്യത്തോടെ നോർക്ക റൂട്ട്സിന്റെ കീഴിൽ നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ വ്യവസായ സംരംഭക സാധ്യതകൾ പഠിച്ച് സംരംഭകർക്ക് മുമ്പിൽ അവതരിപ്പിച്ചും സാങ്കേതിക സാമ്പത്തിക ഉപദേശങ്ങൾ നൽകിയും കേരളത്തിൽ നിക്ഷേപം നടത്താൻ പ്രവാസി സംരംഭകർക്ക് പ്രചോദനം നൽകുകയാണ് ഇതിന്റെ ലക്ഷ്യം. നിക്ഷേപങ്ങൾ ആകർഷിക്കുന്ന തിനായി നിക്ഷേപക സംഗമങ്ങൾ സംഘടിപ്പിക്കുന്നുണ്ട്.<br><br>സംസ്ഥാനത്തിന്റെ പുരോഗതിക്ക് ഉതകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസി മലയാളികളുടെ സാമ്പത്തിക സഹകരണത്തോടെ പ്രോജക്ടുകൾ ആരംഭിക്കുന്നതിനായി സർക്കാർ അധീനതയിൽ 'ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡ്' കമ്പനി |

രൂപീകരിച്ചിട്ടുണ്ട് . ഇതിലൂടെ പ്രവാസി നിക്ഷേപം സമാഹരിക്കാൻ ശ്രമം നടത്തിവരുന്നു .

പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതിനും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിനും കേരള പ്രവാസി കേരളീയ ക്ഷേമബോർഡ് ഒരു ദീർഘകാല നിക്ഷേപ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് . 3 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെ നിക്ഷേപമായി സ്വീകരിക്കുന്ന ഈ പദ്ധതിയിൽ ലഭ്യമാകുന്ന തുക കിഫ്ബി മുഖാന്തിരം സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായാണ് വിനിയോഗിക്കുന്നത് .

സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് നടപ്പിലാക്കിയ വ്യവസായ ഭദ്രത എന്ന സംരംഭകത്വ സഹായപദ്ധതിയിൽ പ്രവാസികളുടെ നേതൃത്വത്തിലുള്ള MSME യൂണിറ്റുകളെ പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുത്തി സബ്സിഡി അനുവദിക്കുന്നുണ്ട്.

| | |
|---|---|
| (ബി) വിദേശ നിക്ഷേപം ആകർഷിക്കുന്നതിന് സംസ്ഥാനം നടത്തുന്ന ശ്രമങ്ങളുടെ ഭാഗമായി സംസ്ഥാന മന്ത്രിമാർ നടത്തിയ വിദേശയാത്രക്കെതിരെ ചില പ്രതിപക്ഷ കക്ഷികളും കേന്ദ്ര സഹമന്ത്രിയും ആരോപണങ്ങൾ ഉന്നയിച്ചതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) ഇത്തരം ചില മാധ്യമവാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട് . |

(സി) വിദേശ തൊഴിൽ കമ്പോളത്തിലെ സാധ്യതകൾ സംസ്ഥാനത്തെ അഭ്യസ്തവിദ്യർക്ക് ഫലപ്രദമായി വിനിയോഗിക്കുന്നതിന് അവസരമൊരുക്കുന്നതിനും മാലിന്യ സംസ്കരണത്തിലുൾപ്പെടെ അനുയോജ്യമായ രീതികൾ പ്രാവർത്തികമാക്കുന്നതിനും വിദേശ സാങ്കേതികവിദ്യയും നിക്ഷേപവും ആകർഷിക്കുന്നതിനും മുഖ്യമന്ത്രിയും മന്ത്രിമാരും നടത്തിയ വിദേശയാത്ര പ്രയോജനപ്രദമായിട്ടുണ്ടോ; വ്യക്തമാക്കാമോ?

(സി) പ്രയോജനപ്രദമായിട്ടുണ്ട്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ വിദേശ യാത്രയിൽ കേരള സർക്കാർ ഏജൻസിയായ നോർക്ക റൂട്ട്സും, യു.കെ-യിൽ എൻ.എച്ച്.എസ് പ്രവർത്തനങ്ങൾ ലഭ്യമാക്കുന്ന The Navigo & Humber and North Yorkshire Health & Care Partnership- ഉം തമ്മിൽ ആരോഗ്യ മേഖലയിൽ യോഗ്യതയും പ്രാവീണ്യവുമുള്ള മലയാളികൾക്ക് സുരക്ഷിതവും, നിയമപരവുമായ മാർഗ്ഗങ്ങളിലൂടെ യു.കെ-യിലേക്കുള്ള തൊഴിൽ കുടിയേറ്റം സാധ്യമാക്കുന്നതിനായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി 2022 നവംബർ മാസത്തിൽ കൊച്ചിയിൽ സംഘടിപ്പിച്ച യു.കെ എംപ്ലോയ്മെന്റ് ഫെസ്റ്റിൽ ആരോഗ്യമേഖലയിലെ ഒഴിവുകളിലേയ്ക്കും, സോഷ്യൽ വർക്കർ വിഭാഗത്തിലേക്കും യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്തിട്ടുണ്ട്. Waste to Energy പ്രോജക്ട് മുഖ്യമന്ത്രിയുടെ Priority project-ൽ ഉൾപ്പെടുത്തി ത്വരിതപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട് .

**സെക്ഷൻ ഓഫീസർ**